പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 822 | 11-6-2014-ൽ മറുപടിക്ക്

**കോഴിക്കോട് നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി 2014 സെപ്റ്റംബർ അവസാനത്തോടെ ഭാഗീകമായി കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ നിലവിൽ കോഴിക്കോട് നഗരത്തിലേയ്ക്കുള്ള ചാത്തമംഗലം പഞ്ചായത്തിലെ ട്രീറ്റ് മെന്റ് പ്ലാന്റും പമ്പിംഗ് സ്റ്റേഷനും എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | കോഴിക്കോട് ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്താലും നിലവിലുള്ള ചാത്തമംഗലം പഞ്ചായത്തിലെ കൂളിമാടുള്ള ട്രീറ്റ്മെന്റ് പ്ലാന്റും പമ്പിംഗ് സ്റ്റേഷനും കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി പ്രദേശത്ത് തുടർന്നും ഉപയോഗിക്കുന്നതാണ്. |
| (സി) | ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം, മാവൂർ പഞ്ചായത്തുകൾക്ക് ഇവിടെ നിന്ന് വെള്ളം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കോഴിക്കോട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കൂളിമാടുള്ള 72 എം.എൽ.ഡി. പ്ലാന്റ് പുനരുദ്ധരിച്ച് നിലനിർത്തിക്കൊണ്ടാണ് കോഴിക്കോട് ജൈക്ക ശുദ്ധജലവിതരണ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം, മാവൂർ തുടങ്ങിയ പഞ്ചായത്തുകൾക്ക് പ്രസ്തുത പ്ലാന്റിൽ നിന്നും കുടിവെള്ള വിതരണം വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ